## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1056** **01.03.2017 ന് മറുപടിയ്ക്ക്**

## മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, അബ്ദുൽ ഹമീദ് പി. :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ മദ്യനയം രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഇല്ല. മദ്യനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മദ്യഉപയോഗം വ്യാപകമായ അപകടങ്ങൾക്കും അക്രമത്തിനും സാമൂഹ്യതിന്മകൾക്കും കാരണമാകുന്നുവെന്നും മദ്യപാനം മൗലിക അവകാശമല്ലെന്നുമുള്ള കോടതിയുടെ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഭൂരിപക്ഷം ജനങ്ങളും മദ്യം വ്യാപകമാവുന്നതിൽ ആശങ്കാകുലരാണെന്ന വസ്തുത കൂടി പരിഗണിച്ച് മദ്യനിരോധന പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യ, ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജന ങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിനു വൻപിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ. എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി കളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്ക രിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- "വിമുക്തി" എന്ന ബൃഹ ത്തായ പദ്ധതിയ്ക്ക് 06.10.2016-ലെ ജി.ഒ.(എം. എസ്.)നമ്പർ 94/2016/നി.വ. സർക്കാർ ഉത്ത രവ് പ്രകാരം മാർഗരേഖ രൂപീകരിച്ച് ഉത്തര വായിട്ടുള്ളതാണ്. യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗ ത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രധാന ലക്ഷ്യം. |

**സെക്ഷൻ ഓഫീസർ**